# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

---

***No. 333/2015/KSTA*** **12.10.2015**

**സ്വീകർത്താവ്,**

**ബഹു. പൊതുവിദ്യാഭ്യാസ സെക്രട്ടറി**
ചെയർമാൻ,
അനോമലി പരിഹാരകമ്മിറ്റി, ഹയർസെക്കന്ററി സ്ഥലംമാറ്റം
കേരള സർക്കാർ, തിരുവനന്തപുരം.

സർ,

**വിഷയം:- ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ 2015-16 വർഷത്തെ പൊതുസ്ഥലം മാറ്റം - അനോമലി പരിഹരിക്കുന്നതു സംബന്ധിച്ച്.**

**സൂചന: സ.ഉ.(പി).നം: 143/2015 പൊ.വി. തീയതി-27.05.2015**

ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് സൂചന പ്രകാരം ഉത്തരവിറങ്ങുകയുണ്ടായി. തുടർന്ന് നമ്പർ: എ.ഡി.സി 6/5697/2015/ ഹയർസെക്കന്ററി വിദ്യാഭ്യാസം തീയതി - 21.09.2015 ന് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത ഉത്തരവ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടല്ല എന്ന് ബഹു. ചീഫ് സെക്രട്ടറിയും അഡ്മിനി സ്ട്രേറ്റീവ് ട്രിബ്യൂണലും കണ്ടെത്തുകയും ഉത്തരവ് പുനഃപരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം അധ്യാപക സംഘടനകളും ചൂണ്ടികാണിച്ചിരുന്നു.

ബഹു. ഹൈക്കോടി നിർദ്ദേശത്തിന്റെ ഭാഗമായി സ്ഥലംമാറ്റ ഉത്തരവിൽ ഉണ്ടായ അനോമലികൾ പൂർണമായും പരിഹരിച്ചുകൊണ്ട് സ്ഥലംമാറ്റ ഉത്തരവ് വീണ്ടും പുറപ്പെടുവിക്കാൻ നിയമിതമായ കമ്മീഷന്റെ മുമ്പാകെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. പൊതുസ്ഥലംമാറ്റ ഉത്തരവ് ഭാഗികമായി ഇറക്കിയതിനാൽ സംസ്ഥാനത്തെ പല സ്കൂളുകളിലും ഒരു തസ്തികയിൽ തന്നെ രണ്ട് അധ്യാപകർ ജോലി ചെയ്യുന്നു. ഇതുമൂലം പല വിദ്യാലയങ്ങളിലും കുട്ടികളെ പഠിപ്പിക്കാൻ അധ്യാപകരില്ലാത്ത അവസ്ഥയുണ്ടായിരിക്കുന്നു. ഇത് സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങളെ താളം തെറ്റിക്കും. ഈ സ്ഥിതി വിശേഷത്തിന് അടിയന്തിരമായ പരിഹാരം കാണണം.

2. മാതൃജില്ലയിലേക്ക് സ്ഥലംമാറിവരുന്നതിന്റെ ഭാഗമായി ത്രോൺഔട്ട് ആകുന്ന അധ്യാപകർക്ക് ഇഷ്ടപ്പെട്ട ജില്ലയും ജില്ലയിലെ സ്കൂളുകളും ഓപ്ട് ചെയ്യാനുള്ള അവസരം നൽകിയിട്ടില്ല. അടിയന്തിരമായി ഈ സൗകര്യം ലഭ്യമാക്കണം.

3. മാതൃജില്ലയിലേക്ക് സ്ഥലംമാറി വന്നവർക്ക് ജില്ലയിലെ സ്കൂൾ ഓപ്ട് ചെയ്യാനുള്ള അവസരം നൽകിയിട്ടില്ല. ഈ പ്രശ്നത്തിന് പരിഹാരം കാണണം.

4. ത്രോൺഔട്ട് ആകുന്ന അധ്യാപകരുടെ സ്ഥലംമാറ്റത്തിൽ സീനിയോറിറ്റി മാത്രമാകണം മാനദണ്ഡം. ഇത് കൃത്യമായി പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തണം.

5. 2011 നുശേഷം ഹയർസെക്കന്ററി മേഖലയിൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സ്ഥലംമാറ്റം നടന്നിട്ടില്ല. ആയതിനാൽ 2011 നുശേഷം നടത്തിയിട്ടുള്ള അനധികൃത സ്ഥലംമാറ്റങ്ങളും കണ്ടീഷണലായി നടത്തിയ പി.എസ്.സി നിയമനങ്ങളും ഓപ്പൺവേക്കൻസിയാക്കി മാറ്റണം.

6. 2011 നുശേഷം നടന്നിട്ടുള്ള അനുകമ്പാർഹ സ്ഥലംമാറ്റങ്ങളെല്ലാം പരിശോധിച്ച് അർഹതപ്പെട്ടവരെ മാത്രം നിലനിർത്തി ബാക്കിയുള്ള തസ്തികയെല്ലാം ഓപ്പൺവേക്കൻസിയായി പരിഗണിക്കണം.

7. പ്രിൻസിപ്പൽ നിയമനം മൂലം പുറത്താകുന്ന അധ്യാപകർക്ക് ജില്ലയിൽതന്നെ പ്രഥമ പരിഗണന നൽകുമെന്നും അത് ജനറൽ ട്രാൻസ്ഫറിന് മുമ്പുതന്നെ നടത്തുമെന്നും മാനദണ്ഡത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. ഇതിന് പരിഹാരം കാണണം.

8. മാനദണ്ഡം 2(5) പ്രകാരം മാതൃജില്ലയിലേക്ക് വരുന്ന അധ്യാപകരുടെ എണ്ണത്തിന് അനുസരിച്ചുമാത്രമേ ത്രോൺഔട്ട് ആവേണ്ടതുള്ളൂ. എന്നാൽ അതിൽ കൂടുതൽ അധ്യാപകർ സ്ഥലംമാറ്റത്തിന് വിധേയമായി കാണുന്നു. ഇത് പരിശോധിക്കണം.

9. മാനദണ്ഡം (9) അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹരായവരെ കണ്ടെത്തിയതിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. അത് പരിശോധിക്കണം.

10. മാനദണ്ഡം (14) പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രമോഷൻ 2014 സെപ്തംബർ 22 ന് മുമ്പ് സ്ഥിരമായി ഉപേക്ഷിച്ചിട്ടുള്ളവർക്ക് സ്ഥലംമാറ്റത്തിന് പരിരക്ഷയുണ്ടാകും. എന്നാൽ ഈ മാനണ്ഡം പാലിക്കാതെ സ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് പരിഹാരം കാണണം.

11. ജില്ലക്കകത്തുള്ള സ്ഥലംമാറ്റം പൊതുസ്ഥലംമാറ്റത്തിനുശേഷം മാത്രമേ നടത്തുകയുള്ളൂവെന്ന് മാനദണ്ഡത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇതേ ഉത്തരവിൽതന്നെ ജില്ലക്കകത്തും സ്ഥലംമാറ്റം നടത്തിയതായി കാണുന്നു. ഇത് അനുവദിക്കാവുന്നതല്ല.

12. മാനദണ്ഡം (1) ൽ പറഞ്ഞപ്രകാരം സ്ഥലംമാറ്റം നടത്തേണ്ട സമയക്രമവും നടപടിക്രമവും നിർബന്ധമായും പാലിച്ചുകൊണ്ടുമാത്രമേ സ്ഥലംമാറ്റം നടത്താവൂ. അല്ലാത്തപക്ഷം ഇത് അക്കാദമിക് പ്രവർത്തനത്തെ ബാധിക്കും.

13. മാനദണ്ഡം 17 പ്രകാരം സ്ഥലംമാറ്റം സംബന്ധിച്ച എല്ലാ നടപടികളും ഓൺലൈൻ സംവിധാനം മുഖേന നടത്തേണ്ടതാണ്. എന്നാൽ ഇപ്പോൾ പുറത്തിറക്കിയ ഉത്തരവ് പൂർണമായും ഓൺലൈൻ മുഖേനയായിരുന്നില്ല. ഇത് പരിശോധിച്ച്, മാനദണ്ഡങ്ങൾ പാലിച്ച് ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റം നടത്തണം.

മേൽസൂചിപ്പിച്ച നിർദ്ദേശങ്ങൾ കൂടിപരിഗണിച്ച് കുറ്റമറ്റ രീതിയിൽ സ്ഥലംമാറ്റ ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**വിശ്വസ്തതയോടെ,**

**കെ.സി.ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി

KSTA STATE COMMITTEE